LIBRARY ARCHIVES Kerala Legislative Assembly

നബാർഡിന്റെ ധനസഹായത്തോടെ തൃശ്ശൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

3 (1371) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നബാർഡിന്റെ ധനസഹായത്തോടെ തൃശ്ശൂർ മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം നബാർഡിന്റെ ധനസഹായത്തോടെ പാലക്കാട് ജില്ലയിൽ നടപ്പിലാക്കുന്നതിനായി തയ്യാറാക്കി അയച്ച പ്രൊപ്പോസലുകൾ ഏതെല്ലാമാണെന്ന് നിയമസഭാമണ്ഡലം തിരിച്ച് വിശദമാക്കുമോ ;

(സി) ഇതിൽ ഏതെല്ലാം പ്രൊപ്പോസലുകൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; അവയുടെ തുടർനടപടികൾ ഏതുവരെയായെന്നും വ്യക്തമാക്കുമോ ;

(ഡി) 2015-16 വർഷം പാലക്കാട് ജില്ലയിൽ നബാർഡിന്റെ ധനസഹായത്തോടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രോജക്കുകൾ ഏതെല്ലാമാണെന്ന് നിയമസഭാ മണ്ഡലം തിരിച്ച് വിശദമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ് ആർ.ഐ.ഡി.എഫ്.-ന്റെ ധനസഹായത്തോടെ തൃശ്ശൂർ മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല. കുത്തന്നൂർ ഗ്രാമപഞ്ചായത്തിലെ കുത്തന്നൂർ-പേഴുംകാട് തോട് ലിഫ്റ്റ് ഇറിഗേഷൻ പ്രവൃത്തി അനുവദിച്ചിരുന്നുവെങ്കിലും നടപ്പിലാക്കിയിട്ടില്ല.

(ബി) അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു.*

(സി) നെന്മാറ നിയോജകമണ്ഡലത്തിലെ പനങ്ങാട്ടിരി-ചേപ്പിലോട് റോഡ് (85 ലക്ഷം) നണ്ടൻകീഴായ കോട്ടപ്പള്ളം റോഡ് (25 ലക്ഷം) എന്നീ പ്രവൃത്തികൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രവൃത്തി തുടങ്ങിയിട്ടില്ല.

(ഡി) അനുബന്ധം 2 ആയി ചേർത്തിരിക്കുന്നു.*

തദ്ദേശസ്വയംഭരണങ്ങളിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

4 (1372) ശ്രീ. കെ. സുരേഷ് കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾവഴി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ് ;